**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 721** **08-10-2024 - ൽ മറുപടിയ്ക്ക്**

**തേവലക്കര സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിലെ തേവലക്കര സബ്സ്റ്റേഷൻ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | തേവലക്കര സബ്സ്റ്റേഷന്റെ നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള എല്ലാ നടപടികളും കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചിട്ടുണ്ട് |
| (ബി) | സമയബന്ധിതമായി സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | തേവലക്കരയിൽ പുതിയ 110kV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖയ്ക്ക് 21/06/2023-ൽ കെ എസ് ഇ ബി എൽ അനുമതി നൽകുകയും സബ്സ്റ്റേഷൻ നിർമ്മാണത്തിനായി തേവലക്കര വില്ലേജിൽ ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയ സ്ഥലത്ത് 110kV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള 31 കോടി രൂപയുടെ ഭരണാനുമതി കെ എസ് ഇ ബി എൽ 20.12.2023 ൽ നൽകുകയും ചെയ്തു.<br><br>തേവലക്കര സബ്സ്റ്റേഷനിലേക്കുള്ള അനുബന്ധ ലൈനായ 66kV ശാസ്താംകോട്ട - ചവറ ഡബിൾ സർക്യൂട്ട് ലൈൻ 110kV ആക്കി ഉയർത്തുന്ന പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സാങ്കേതിക അനുമതി സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക്, ടെൻഡർ നടപടികൾ പൂർത്തീകരിച്ച്, നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>പുതിയ സബ്സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി തേവലക്കര വില്ലേജിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി പ്രമുഖ ദിനപത്രങ്ങളിലും, കെ.എസ്.ഇ.ബി.എൽ-ന്റെ വെബ് സൈറ്റിലും പരസ്യം നൽകിയ പ്രകാരം ലഭിച്ച സമ്മതപത്രങ്ങൾ സൂക്ഷ്മ പരിശോധന നടത്തി, ഭൂമി ഏറ്റെടുക്കുന്നതിന് ബോർഡിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ എസ് ഇ ബി എല്ലിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ